പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3186 — 13.03.2017-ൽ മറുപടിക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി | | ഡോ. കെ. ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് എല്ലാ വർഷവും ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നിർവ്വഹിക്കുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | 18.01.2017 ലെ പ്ലാൻ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയിൽ ചുവടെ പറയും പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. ഒരു വർഷത്തിന്റെ ഓരോ പാദത്തിലും 33% ൽ ($^1/_3$ൽ) കുറയാത്ത തുക ചെലവഴിക്കണമെന്നും മാർച്ച് മാസത്തിൽ 15% ൽ അധികമാകാത്ത തുക മാത്രമേ നിലനിൽക്കാവൂ. ആയതിനാൽ മാർച്ച് മാസത്തിന് മുമ്പ് തന്നെ ഫണ്ടിന്റെ 85% ചെലവഴിച്ചിരിക്കണം ഇത് ഉറപ്പാക്കാൻ പ്രതിമാസ പദ്ധതി വിനിയോഗ അവലോകന യോഗം (MEP) നടത്തേണ്ടതാണ്. |
| ബി) | സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ ധൃതി പിടിച്ച് പദ്ധതി നടപ്പിലാക്കുന്നത് ഗുണനിലവാരത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ ? | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ